സ്കൂൾ കാമ്പസുകളെ ലഹരി മുക്തമാക്കാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

162 (3794) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖേന സ്കൂൾ കാമ്പസുകളെ ലഹരി മുക്തമാക്കാൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കാമ്പസുകൾ കേന്ദ്രീകരിച്ച് മാത്രമല്ലാതെ സ്റ്റുഡന്റ് കേഡറ്റുകളുടെ വാസസ്ഥലത്തിന് ചുറ്റും വിദ്യാർത്ഥികളുടെ കൂട്ടായ്മ സംഘടിപ്പിച്ച് ലഹരി വിമുക്ത പരിപാടിക്കും ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിനുമുള്ള പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെ സ്കൂൾ പരിസരങ്ങളിലും മറ്റുമുള്ള കടകളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി പരിശോധനകൾ നടത്തിവരുന്നതും കൂടാതെ ഇതു സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ വിതരണം തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു.

(ബി) ലഹരി ഉപയോഗത്തിന്റെ ദുഷ്യവശങ്ങളെക്കുറിച്ചും അതിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ചും ബോധവാന്മാരായ കേഡറ്റുകൾ തങ്ങളുടെ കുടുംബാംഗങ്ങളെയും അയൽവാസികളെയും സഹപാഠികളെയും മറ്റ് ബന്ധുമിത്രാദികളെയും "ബാൻ ബാഡ്നസ്സ്" എന്ന സാമൂഹിക പദ്ധതിയിലൂടെ ബോധവൽക്കരണം നടത്തിവരുന്നു. എക്സൈസ് വകുപ്പുമായി ചേർന്ന് "ബാൻ ബാഡ്നസ്സ്" പ്രോജക്ട് കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ക്രിമിനൽ കേസ്സുകളിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

163 (3795) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകൾ നിലവിലുള്ള ഐ.പി.എസ്. കേഡർ മുതൽ സിവിൽ പോലീസ് ഓഫീസർമാർ വരെയുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരിൽ എത്ര പേർക്കെതിരെ ഡിപ്പാർട്ട്മെന്റ് ശിക്ഷാ നടപടി എടുത്തിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ;

(സി) ക്രിമിനൽ കേസ്സിൽ പ്രതികളായവരെ പോലീസ് സേനയിൽ നിയമിക്കരുത് എന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസ്സ് നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 880.

(ബി) ഇവരിൽ 726 പേർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടി എടുത്തിട്ടുണ്ട്. കാറ്റഗറി/ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ക്രിമിനൽ കേസ്സിൽ പ്രതികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും മാറ്റിനിർത്തിക്കൊണ്ട് വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും വകുപ്പുതല അന്വേഷണത്തിന്റെയും ക്രിമിനൽ കേസിലെ വിധിയുടെയും അടിസ്ഥാനത്തിൽ കേസിന്റെ തീവ്രതയനുസരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. ക്രിമിനൽ കേസിൽ പ്രതികളായവരെ പോലീസ് സേനയിൽ നിയമിക്കരുത് എന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ വിശദാംശങ്ങൾ സർക്കാർ വിശകലനം ചെയ്തു വരികയാണ്.

അന്യസംസ്ഥാന തൊഴിലാളികൾ

164 (3796) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ തങ്ങളുടെ പ്രവർത്തന പരിധിയിലുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ ചിത്രം, തിരിച്ചറിയൽ രേഖ, ലൈസൻസ് ഉൾപ്പെടെയുള്ള രേഖകൾ എന്നിവ ശേഖരിക്കാറുണ്ടോ; പോലീസ് സ്റ്റേഷനിൽനിന്നും തൊഴിലാളികൾക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നൽകാറുണ്ടോ; ഇതു സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

പോലീസ് സ്റ്റേഷനുകളിൽ അന്യസംസ്ഥാന തൊഴിലാളികളുടെ പേര്, അവരുടെ തിരിച്ചറിയൽ രേഖ, ഫോട്ടോ, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. ഇവർക്ക് പോലീസ് സ്റ്റേഷനിൽനിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകാറില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly